നമ്പർ: H1-27451/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 15.09.2017
e-mail id swdkerala@gmail.com
Ph: 0471 2306040.

033697

സാമൂഹ്യനീതി ഡയറക്ടർ
തിരുവനന്തപുരം

1. ഡയറക്ടർ
പൊതുവിദ്യാഭ്യാസ വകുപ്പ്

2. ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ വകുപ്പ്

സർ,

വിഷയം: സാമൂഹ്യ നീതി വകുപ്പ് - സെപ്തംബർ 21- ലോക അൽഷിമേഴ്സ് ദിനാചരണം - ആചരിക്കുന്നത് - പ്രതിജ്ഞ - സംബന്ധിച്ച്-

സൂചന: ARDSI ചെയർ പേഴ്സണിന്റെ 29.08.17ലെ കത്ത്

2017 സെപ്തംബർ ലോക അൽഷിമേഴ്സ് മാസമായും സെപ്തംബർ 21 ലോക അൽഷിമേഴ്സ് ദിനമായും ലോകമെമ്പാടും ആചരിക്കുകയാണ്. മറവിരോഗത്തിന് വിധേയരായവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി നിലകൊള്ളുന്ന സംഘടനയായ അൽഷിമേഴ്സ് റിലേറ്റഡ് ഡിസോർഡർ സൊസൈറ്റി ഓഫ് ഇൻഡ്യ (ARDSI) അൽഷിമേഴ്സ് രോഗബാധിതർക്കും അവരുടെ കുടുംബാംഗങ്ങൾക്കും സമൂഹത്തിൽ മാനുഷികമായ എല്ലാ പരിഗണനയും ഉറപ്പു വരുത്തുന്നതിന് പുതിയ തലമുറയെ ബോധവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രതിജ്ഞ തയ്യാറാക്കിയിട്ടുണ്ട്. താങ്കളുടെ പ്രവർത്തന പരിധിയിൽ വരുന്ന എല്ലാ സ്കൂളുകളിലും കോളേജുകളിലും ലോക അൽഷിമേഴ്സ് ദിനമായ സെപ്തംബർ 21ന് ചൊല്ലുന്നതിനായി മേൽ പ്രതിജ്ഞ ഉള്ളടക്കം ചെയ്ത് അയക്കുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

പകർപ്പ്:

The Chair Person
ARDSI National Administration Office
P.B No. 53, Guruvayur Road,
Kunnamkulam – 680503, Thrissur

SK/17

മേലെഴുത്ത് നമ്പർ ജി4/33697/2017/കോ.വി.വ തീയതി: 19.09.2017

ലോക അൽഷിമേഴ്സ് ദിനാചരണത്തിന്റെ ഭാഗമായുള്ള പ്രതിജ്ഞ സെപ്റ്റംബർ 21 അവധി ദിവസമായതിനാൽ സെപ്റ്റംബർ 22-ാം തീയതി ഈ ഓഫീസിലും ഈ കാര്യാലയത്തിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ചൊല്ലുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ഒപ്പ്/-

ഡോ.പി.അനിതാ ദമയന്തി
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വി.എസ്. 19.09.17

GOVERNMENT OF KERALA

196154

# പ്രതിജ്ഞ

ഞാൻ.............................................അൽഷൈമേഴ്സ് രോഗബാധിതരോടും മറ്റുവിവിധ തരത്തിലുള്ള ഡിമെൻഷ്യ ബാധിതരോടും മാനുഷികമായ എല്ലാ പരിഗണനകളോടും ബഹുമാനത്തോടും കൂടി പെരുമാറുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. അവരുടേയും അവരുടെ കുടുംബാഗങ്ങളുടെയും ക്ഷേമത്തിനും അവർക്കാവശ്യമായ ചികിത്സാപരമായും, മനശാസ്ത്രപരമായും അവരുടെ പുനരധിവാസത്തിനും എല്ലാ വിധ സഹായങ്ങളും എന്റെ പരമാവധി കഴിവുകളുപയോഗിച്ച് ചെയ്യുന്നതായിരിക്കും. ഡിമെൻഷ്യ ബാധിതരുടെ ഉന്നമനത്തിനുവേണ്ടി അത്യുത്സുകരായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സമൂഹത്തെ എന്റെ കഴിവനുസരിച്ച് സഹായിക്കും. ഓർമ്മിക്കാൻ കഴിയാത്തവരെ ഇന്നും എന്നും ഓർമ്മിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

196154

GOVERNMENT OF KERALA